(സി) എല്ലാ അരിഷ്ടാസവങ്ങൾക്കും ഡ്യൂട്ടി പ്രൂഫ് ലിറ്ററിന് റീട്ടെയിൽ വിലയുടെ നാല് ശതമാനം ഉയർത്തിയതുമൂലം ആയുർവേദ ഔഷധങ്ങളുടെ വില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയുർവേദ ഔഷധങ്ങളുടെ വില വർദ്ധനവ് തടയുന്നതിനും ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനതലത്തിൽ നടപടിയൊന്നും സാദ്ധ്യമല്ല.

(സി) ഉണ്ട്.

(ഡി) ആയുർവേദ ഔഷധങ്ങൾക്ക് വില നിശ്ചയിക്കുവാനോ, വില നിയന്ത്രിക്കുവാനോ ഇപ്പോൾ നിയമവ്യവസ്ഥയൊന്നും നിലവിലില്ല. കേന്ദ്ര ഉത്തരവായ ഔഷധവില നിയന്ത്രണ ഉത്തരവിന്റെ പരിധിയിൽ ആയുർവേദ ഔഷധങ്ങൾ വരുന്നില്ല. ആയതിനാൽ വില വർദ്ധനവ് നിയമ നടപടി വഴി തടയാനാവില്ല. ഔഷധങ്ങളുടെ നിർമ്മാണഘട്ടത്തിൽ ഗുണനിലവാര മാനദണ്ഡങ്ങൾ കർശനമായി പരിശോധിക്കുന്നതിനാൽ വില വർദ്ധനവ് കാരണം ഗുണ നിലവാരം കുറഞ്ഞ മരുന്നുകളുടെ നിർമ്മാണം തടയാനാവും.

സംസ്ഥാനത്തെ മാനസികാരോഗ്യ ആശുപത്രികളുടെ പ്രവർത്തനം

27 (*616) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ മാനസികാരോഗ്യ ആശുപത്രികൾ ഏതെല്ലാമാണ് ;

(ബി) ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ; ഇവ എന്നത്തേയ്ക്ക് നടപ്പിൽ വരുമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ആശുപത്രികളിൽ ഇപ്പോൾ എത്ര അന്തേവാസികളുണ്ട് ;

(ഡി) ഇവരിൽ സ്ത്രീകൾ, പുരുഷന്മാർ പ്രായപൂർത്തിയാകാത്തവർ എന്നിവർ എത്ര പേരുണ്ട് ;

(ഇ) കോടതി ഉത്തരവ് പ്രകാരം മാനസിക രോഗാശുപത്രിയിൽ എത്തപ്പെട്ടവരും രോഗം ഭേദമായിട്ടും ആശുപത്രികളിൽ കഴിയേണ്ടതായി വരുന്നവരും എത്ര പേരുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) മാനസിക രോഗം ഭേദമാകുന്നവരുടെ പുനരധിവാസത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ജി) രോഗം ഭേദമായിട്ടും ആശുപത്രിയിൽ നിന്നും തിരികെ പോകാത്തവരെ പുനരധിവസിപ്പിക്കുവാൻ എന്തെല്ലാം നടപടികളെടുക്കുമെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലാണ് സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളുള്ളത്.

(ബി) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നിരവധി വികസന പദ്ധതികൾ സർക്കാർ തലത്തിൽ മറ്റ് ബഹുജന സംഘടനകളുടെ സഹായത്തോടെ നടന്നുവരുന്നു. 1998-99 സാമ്പത്തിക വർഷത്തിൽ 44 ലക്ഷം രൂപയും 1999-2000-ൽ 30 ലക്ഷം രൂപയും പദ്ധതി വിഹിതമായി അനുവദിച്ചിരുന്നു. ഈ സാമ്പത്തിക വർഷം പദ്ധതി വിഹിതമായി സാധനസാമഗ്രികൾ വാങ്ങുന്നതിന് 20.90 ലക്ഷം രൂപയും മരാമത്തു പണികൾക്കായി ഏകദേശം 14 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ടി കേന്ദ്രത്തിൽ പുതുതായി പണികഴിപ്പിച്ച എക്സ്റേ യൂണിറ്റ് ഉടനടി പ്രവർത്തനം ആരംഭിക്കും. രോഗികൾക്കൊപ്പം ആശുപത്രിയിൽ തങ്ങേണ്ടിവരുന്ന സ്ത്രീകൾക്കായി പുതിയതായി ഡോർമിറ്ററി കെട്ടിടത്തിന്റെ പണി ആരംഭിച്ചു കഴിഞ്ഞു. കാന്റീൻ പ്രവർത്തിക്കുന്നതിനായി പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു. ഫീമെയിൽ ക്രോണിക് വാർഡ് മൊത്തത്തിൽ നവീകരിക്കുകയും മൂന്ന് വാർഡുകളായി വിഭജിക്കുന്നതിന്റെ പണിയും നടന്നു വരുന്നു. ഈ കേന്ദ്രത്തിൽ നേഴ്സുമാരുടെയും, റേഡിയോഗ്രാഫർ, ഡോക്ടർമാർ എന്നിവരുടെയും ഒഴിവുള്ള തസ്തികകളിലും നിയമനം നടന്നു കഴിഞ്ഞു. രോഗികൾക്ക് ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിവ മുടക്കം കൂടാതെ കൃത്യമായി ലഭിക്കുന്നുണ്ട്. കേരള ഹൈക്കോടതി തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനായി ജില്ലാ ജഡ്ജി ചെയർമാനായി ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി എല്ലാ മാസവും ആശുപത്രി സന്ദർശിക്കുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റി തൃശൂർ മാനസികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നടത്തിപ്പു കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി ആശുപത്രി സന്ദർശിച്ചു നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. രോഗികളുടെ ചികിത്സയ്ക്കും, താമസത്തിനും ഭക്ഷണത്തിനും വിനോദത്തിനും, പുനരധിവാസത്തിനും ഉതകുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുകയാണ്. കോഴിക്കോട്ട് മാനസികാരോഗ്യ കേന്ദ്രത്തിൽ വാർഡുകളുടെ പുതുക്കി പണിയൽ, ജലവിതരണം, അഴുക്കുചാൽ നിർമ്മാണം വൈദ്യുതീകരണം എന്നിവ നടന്നുകൊണ്ടിരിക്കുന്നു. ഭക്ഷണസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് വേണ്ടി സാധനങ്ങൾ സപ്ലൈകോ, മത്സ്യഫെഡ് എന്നിവ വഴി വാങ്ങിവരുന്നു. ആവശ്യാനുസരണം വസ്ത്രങ്ങളും മരുന്നുകളും ലഭ്യമാക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ 20-3-2000-ൽ 735 അന്തേവാസികൾ ചികിത്സയിലുണ്ട്. തൃശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ 400 രോഗികളും കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ 611 അന്തേവാസികളുമാണുള്ളത്.

(ഡി) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ 434 പുരുഷന്മാരും 301 സ്ത്രീകളും ചികിത്സയിലുണ്ട്. പ്രായപൂർത്തിയാകാത്തവർ 9 പേർ ഇപ്പോൾ മാതാപിതാക്കന്മാരോടൊപ്പം പേവാർഡിലും ഫാമിലിവാർഡിലുമുണ്ട്. തൃശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ 255 പുരുഷന്മാരും, 145 സ്ത്രീകളുമുണ്ട്. പ്രായപൂർത്തിയാകാത്തവർ ആരും തന്നെയില്ല. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ 388 പുരുഷന്മാരും, 223 സ്ത്രീകളുമാണുള്ളത്. 18 വയസ്സിൽ താഴെയുള്ള മൂന്നു കുട്ടികളും പ്രസ്തുത കേന്ദ്രത്തിലുണ്ട്.

(ഇ) തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിൽ 9 പേരാണ് രോഗം ഭേദമായിട്ടും ആശുപത്രിയിൽ കഴിയേണ്ടിവരുന്നത്. തൃശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ കോടതി ഉത്തരവ് പ്രകാരം 40 പേർ മാനസികാരോഗാശുപത്രിയിൽ പ്രവേശിക്കപ്പെട്ടിട്ടുണ്ട്. രോഗം ഭേദമായിട്ടും ആശുപത്രിയിൽ തന്നെ കഴിയേണ്ടി വരുന്നവരായി 4 പേരാണുള്ളത്.

കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ, കോടതി ഉത്തരവ് പ്രകാരം അഡ്മിറ്റ് ചെയ്തവരും രോഗം ഭേദമായിട്ടും ആശുപത്രിയിൽ തന്നെ കഴിയേണ്ടി വരുന്നതുമായി 48 രോഗികളാണുള്ളത്.

(എഫ്) രോഗം ഭേദമായിട്ടും ഏറ്റെടുക്കാൻ ബന്ധുക്കളോ പോകാൻ ഇടമോ ഇല്ലാത്ത രോഗികളെ പുനരധിവസിപ്പിക്കുന്നതിനായി ഗവൺമെന്റ് തലത്തിൽ ആശാഭവൻ എന്ന ഒരു സ്ഥാപനം മാത്രമേ നിലവിലുള്ളൂ. അത് തിരുവനന്തപുരത്ത് ആണ്. പുരുഷന്മാർക്ക് വേണ്ടി ഒരു സ്ഥാപനവും നിലവിലില്ല. രോഗം ഭേദമായ ആളുകളെ ഡിസ്ചാർജ് ചെയ്യുന്നതിന് വേണ്ടി ബന്ധുക്കളെ കത്ത് മുഖാന്തിരം അറിയ്ക്കാറുണ്ട്. എന്നിട്ടും ആരും കൊണ്ടു പോകുന്നില്ലെങ്കിൽ അത്തരം രോഗികളെ സ്വന്തം ജാമ്യത്തിൽ യാത്രാച്ചിലവു കൊടുത്ത് അയയ്ക്കുകയാണ് പതിവ്. സ്ത്രീകളുടെ കാര്യത്തിലാണെങ്കിൽ തനിയെ അയക്കുന്നതിൽ പല ബുദ്ധിമുട്ടുകളുള്ളതിനാൽ മാനസികാരോഗ്യ കേന്ദ്രത്തിൽ തന്നെ സ്റ്റാഫിനോടൊപ്പമയക്കുകയോ, വാഹനത്തിൽ കൊണ്ടുവീടുകയോ ആണ് പതിവ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന രോഗികൾക്ക് യാത്ര ചിലവിനത്തിൽ വളരെ കൂടുതൽ തുക ചിലവാക്കേണ്ടതിനാൽ അത്തരം രോഗികളെ അയയ്ക്കുന്നതിന് സർക്കാരിൽ നിന്നും ധനസഹായം നൽകുന്നില്ല.

തൃശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ മാനസിക രോഗം ഭേദമാകുന്നവരുടെ പുനഃരധിവാസത്തിന്റെ ഭാഗമായി പശുവളർത്തൽ, കൃഷി, സ്റ്റേഷനറികട. ബുക്ക് ബൈന്റിംഗ് യൂണിറ്റ് എന്നിവ പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ രോഗം ഭേദമായവരുടെ പുനരധിവാസത്തിനായി ഈ ആശുപത്രിയോടനുബന്ധിച്ച് പുസ്തക നിർമ്മാണയൂണിറ്റ്, അച്ചടി ശാല, പേപ്പർ കവർ നിർമ്മാണ യൂണിറ്റ്, നൂൽനൂർപ്പു കേന്ദ്രം, കൃഷി എന്നിവ നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ജി) രോഗം ഭേദമായിട്ടും ആശുപത്രിയിൽ നിന്നും തിരികെ പോകാത്തവരെ പുനരധിവസിപ്പിക്കുവാനുള്ള നടപടികൾ പരിശോധിച്ചു വരികയാണ്. ലളിതമായ കൈതൊഴിലുകൾ പരിശീലിപ്പിക്കുന്നത് വഴി രോഗം ഭേദമായവരെ പുനരധിവസിപ്പിക്കുവാൻ ഒരു പരിധിവരെ സഹായിക്കുന്നതാണ്.

ഉദാ:- മെഴുകുതിരി ഉണ്ടാക്കുന്ന ജോലി, തുന്നൽ പരിശീലനം.

ഡോക്ടർമാരുടെ ശമ്പള പരിഷ്ക്കരണം.

28 (*617) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലുള്ള ഡോക്ടർമാരുടെ ശമ്പളം പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു ;

(സി) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണ സമിതി മെഡിക്കൽ കോളേജ് അദ്ധ്യാപകർക്ക് എ. ഐ. സി. ടി. ഇ. സ്കെയിൽ ബാധകമാക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ശുപാർശ അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(ഇ) ഇപ്പോൾ ഡോക്ടർമാർക്ക് നിലവിലുള്ള ശമ്പള സ്കെയിലിന്റെ വിശദാംശം അറിയിക്കുമോ ;

(എഫ്) 1996-ൽ എ.ഐ.സി.സി. ഇ. സ്ക്കെയിൽ ബാധകമായിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ ; എങ്കിൽ കോപ്പി ലഭ്യമാക്കാമോ ;

(ജി) ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും നടപ്പിലാക്കാതിരിക്കയും ചെയ്തിട്ടുണ്ടോ ; എങ്കിൽ കാരണം അറിയിക്കുമോ ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) :

(എ & ബി) ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻമാരുടെയും ആരോഗ്യ വകുപ്പ് ഡയറക്ടറുടേയും ശമ്പളവും ഡോക്ടർമാരുടെ മറ്റലവൻസുകളും വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിരുന്നു. ഇതേതുടർന്ന് അവരുടെ സംഘടനയുമായി സർക്കാർ ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ശമ്പളവും മറ്റ് അലവൻസുകളും പുതുക്കി നിശ്ചയിച്ചുകൊണ്ട് 12-7-1999-ലെ ജി. ഒ.(പി) 1562/99/(27)ഫിൻ പ്രകാരവും, 14-3-2000-ലെ ജി. ഒ. (എം. എസ്) 603/2000/(61)/ഫിൻ പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെ ശമ്പള പരിഷ്കരണം ആവശ്യപ്പെട്ടുകൊണ്ടും നിവേദനം ലഭിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly